# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3196** | **29.01.2014- ലെ മറുപടിക്ക്**

## വിഷൻ - 2030

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>" റ്റി. എൻ. പ്രതാപൻ:<br>" പാലോട് രവി:<br>" പി. സി. വിഷ്ണുനാഥ്: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) 'വിഷൻ 2030' പദ്ധതിയുടെ വികസന രേഖ ആരാണ് തയ്യാറാക്കിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസേർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാന ആസൂത്രണ ബോർഡ് ആണ് വിഷൻ 2030 തയ്യാറാക്കുന്നത്. വിവിധ വികസന മേഖലകളിൽ 2030-ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുളള വികസന തന്ത്രങ്ങളും വിശദമായി പ്രതിപാദിക്കുന്ന രേഖയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) വികസനരേഖ പ്രസിദ്ധീകരിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും ചർച്ചയ്ക്ക് വഴിയൊരുക്കുവാനുമുള്ള നടപടികൾ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) വിവിധ തലങ്ങളിൽ നടത്തിയ കൂടിയാലോചനകളുടെ അടിസ്ഥാനത്തിലാണ് കരട് രേഖ തയ്യാറാക്കിയത്. പൊതുജനങ്ങളുടെയും സംഘടനകളുടെയും അഭിപ്രായം സ്വരൂപിക്കുന്നതിനായി അത് 2013 ഒക്ടോബർ 21 മുതൽ ഡിസംബർ 7 വരെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇത് സംബന്ധിച്ച് മാധ്യമങ്ങളിൽ പരസ്യം നൽകുകയും ചെയ്തിരുന്നു. |

| | |
|---|---|
| **(സി)** പ്രസ്തുത പദ്ധതി സംബന്ധിച്ച അന്തിമ രൂപം എന്നത്തേക്ക് തയ്യാറാക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | **(സി)** പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള അന്തിമ റിപ്പോർട്ട് അധികം താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.